


# ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും

12

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# അദ്ധ്യായം 12

# നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുവിൻ





- ഈശോ തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുത്തു മൂന്നു വർഷക്കാലത്തോളം കൂടെ കൊണ്ടുനടന്നു പഠിപ്പിച്ച് താൻ പ്രവർത്തിച്ച അത്ഭുതങ്ങൾ നേരിട്ടുകാണാനും, പഠിപ്പിച്ചകാര്യങ്ങൾ കേൾക്കാനുമൊക്കെ അവസരം നൽകിയിട്ടാണ് അവരെ സാക്ഷ്യദൗത്യവുമായി ലോകത്തിലേക്കയച്ചത്. അതുപോലെ യേശുവിനെ അനുഭവിച്ച നാമും അവിടുത്തേക്കു സാക്ഷികളായിരിക്കാൻ അയക്കപ്പെട്ടിരിക്കുന്നു.



# ഓരോ ക്രിസ്തുശിക്ഷ്യനും ഈശോയുടെ സാക്ഷികൾ

- മാമോദീസാവഴി ദൈവമക്കളും സഭയുടെ അംഗങ്ങളും ആയിതീർന്നവരാണ് ക്രിസ്ത്യാനികൾ. തൈലാഭിഷേക കൂദാശവഴി ലഭിച്ച ശക്തി വഴി ഈശോയ്ക്കു സാക്ഷ്യം വഹിക്കാനും അവിടുത്തെ സുവിശേഷം പ്രഘോഷിക്കാനു ം ഓരോ ക്രിസ്തുശിഷ്യനും അയക്കപ്പെട്ടിരിക്കുന്നു.



# സാക്ഷ്യത്തിന്റെ വിവിധ തലങ്ങൾ

- ക്രൈസ്തവ സാക്ഷ്യത്തിനു പ്രധാനമായും കുടുംബം, ഇടവക, സമൂഹം എന്നീ മൂന്നു തലങ്ങളാണുള്ളത്.









# 1. കുടുംബം

- ഒരു വ്യക്തി ക്രിസ്തീയ ജീവിതത്തിൽ ജനിക്കുന്നതും, വളരുന്നതും, നിലനിൽക്കുന്നതും കുടുംബത്തിന്റെ പ്രത്യേക അന്തരീക്ഷത്തിലാണ്. ഈശോയുടെ വചനമനുസരിച്ച് മാതാപിതാക്കളാൽ കുട്ടികൾ പരിശീലിപ്പിക്കപ്പെടുമ്പോൾ കുടുംബം ക്രിസ്തീയ ഗുരുകുലമായി മാറുന്നു.



# 2. ഇടവക

ഒരു വിശ്വാസിക്ക് അവന്റെ വിശ്വാസത്തിന്റെ രണ്ടാമത്തെ തലം ഇടവക സമൂഹമാണ്. ഇടവകയുടെ പശ്ചാത്തലത്തിലാണ് ഓരോ വിശ്വാസിയും വിശ്വാസജീവിതം സ്വരൂപിക്കുന്നതും ജീവിക്കുന്നതും പങ്കുവയ്ക്കുന്നതും. ഇടവകപ്രവർത്തനങ്ങളിൽ പങ്കു ചേർന്നുകൊണ്ടു ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ നമുക്കു കടമയുണ്ട്.



## 3. സമൂഹം

- നമ്മൾ ഓരോരുത്തരും നാം ജീവിക്കുന്ന സമൂഹത്തിലെ അഥവാ രാഷ്ട്രത്തിലെ പൗരന്മാരാണ്. സമൂഹത്തിൽ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങളും ജോലികളും കൃത്യമായി നിറവേറ്റികൊണ്ട് ക്രിസ്തുവിന് സാക്ഷികളാകാൻ ഓരോ ക്രൈസ്തവനും സാധിക്കും.

# സാക്ഷ്യത്തിന്റെ വിവിധരീതികൾ

- 1. ജീവിത സാക്ഷ്യം
- 2. സുവിശേഷപ്രഘോഷണം
- 3. കൗദാശിക ജീവിതം
- 4. ജീവകാരുണ്യ പ്രവർത്തനങ്ങൾ
- 5. സാമൂഹ്യ പ്രവർത്തനങ്ങൾ
- 6. സഹനജീവിതവും രക്തസാക്ഷിത്വവും

# 1. ജീവിത സാക്ഷ്യം

- ക്രിസ്തീയ സാക്ഷ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് മാതൃകാപരമായ ജീവിത സാന്നിദ്ധ്യ സാക്ഷ്യം തന്നെയാണ്.



# 2. സുവിശേഷപ്രഘോഷണം

- സഭ സ്വഭാവത്താലെ പ്രേഷിതയാണ്. അതിനാൽ സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കു ചേരേണ്ട നാമും ഈശോയെയും അവിടുന്നു നൽകുന്ന രക്ഷ യെയും പ്രഘോഷിക്കാൻ കടപ്പെട്ടിരിക്കുന്നു.

# 3. കൗദാശിക ജീവിതം

- ക്രിസ്തു ശിഷ്യന്റെ ഏറ്റവും ശ്രേഷ്ഠമായ കടമ ദൈവാരാധനയാണ്. വി. കുർബാനയിലുള്ള സജീവ പങ്കാളിത്തം, കൂദാശകളുടെ അടുക്കലെടുക്കലുള്ള സ്വീകരണം, ഞായറാഴ്ച ആചരണം, ഇടവകയുടെ അജപാലന പ്രവർത്തനങ്ങളിലുള്ള സജീവ പങ്കാളിത്തം എന്നിവവഴി ഈശോയ്ക്കു സാക്ഷികളാകാൻ സാധിക്കും.

# 4. ജീവകാരുണ്യ പ്രവർത്തനങ്ങൾ

- ജാതിമതഭേദമെന്യേ വേദനിക്കുന്നവരെയും ദുഖിതരെയും അഗതികളെയും യേശുവിന്റെ നാമത്തിൽ സഹായിക്കുകയും ശുശ്രൂഷിക്കുകയും വഴി ഈശോയ്ക്കു സാക്ഷികളാകാൻ സാധിക്കും.

# 5. സാമൂഹ്യ പ്രവർത്തനങ്ങൾ

ഈശോയെപ്പോലെ സമൂഹത്തിലെ ദുഷിച്ചതും തിന്മനിറഞ്ഞതുമായ വ്യവസ്ഥിതികൾക്കെതിരെ ശബ്ദമുയർത്താനും സുവിശേഷമൂല്യങ്ങൾക്കായി നിലകൊള്ളാനും സാമൂഹ്യപരിവർത്തനത്തിനു വഴി തെളിക്കാനും ശ്രദ്ധിക്കേണ്ടത് ഓരോ ക്രിസ്തുവിശ്വാസിയുടെയും ധർമ്മമാണ്.

# 6. സഹനജീവിതവും രക്തസാക്ഷിത്വവും

- രക്തസാക്ഷികളുടെ ചുടുനിണംവീണ് കുതിർന്ന മണ്ണിലാണു സഭാതരു തഴച്ചു വളരുന്നത്. ക്രിസ്തീയജീവിതത്തിന്റെ അവിഭാജ്യ ഘടക മാണു സഹനജീവിതം.


THANK
YOU